**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1444**

**21.03.2012-ൽ മറുപടിയ്ക്ക്**

# പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡു പദ്ധതിയിൽ കേരളത്തിനുള്ള വിഹിതം

**ചോദ്യം**

ശ്രീ.എൻ.എ. നെല്ലിക്കുന്ന്
,, റ്റി.എ . അഹമ്മദ് കബീർ
,, പി.ഉബൈദുള്ള
,, സി. മമ്മൂട്ടി

**ഉത്തരം**

ശ്രീ.കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

എ. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡു പദ്ധതി പ്രകാരം കേരളത്തിനു ലഭിക്കുന്ന വിഹിതത്തിൽ കുറവുണ്ടാകുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

എ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി. എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; വിശദ വിവരം വെളിപ്പെടുത്തുമോ ;

ബി. ഭാരത് നിർമ്മാണിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നതുവരെ താഴെ പറയുന്ന മേഖലയിലെ പ്രവൃത്തികൾ മാത്രമേ അംഗീകാരത്തിനായി കേന്ദ്രസർക്കാരിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു എന്ന് 12/6/2009 മുതൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. 1-ാം ഘട്ട ഭാരത് നിർമ്മാണിലെ ലക്ഷ്യത്തിൽ ശേഷിക്കുന്ന പ്രവൃത്തികൾ
2. ലോകബാങ്കിന്റെയും, എ.ഡി.ബിയുടെയും സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ
3. നക്സലൈറ്റ് ഭീഷണി നേരിടുന്ന 33 ജില്ലകളിലെ റോഡുകൾ
4. അതിർത്തി പ്രദേശത്തെ റോഡുകൾ

സംസ്ഥാനത്തിന് ഈ വ്യവസ്ഥകൾ പ്രകാരം പുതിയ പദ്ധതികളൊന്നും സമർപ്പിക്കുവാൻ സാധിക്കുകയില്ല. ഇപ്പോൾ 600 മുതൽ 1000 വരെ ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന പുതിയ റോഡ് ഏറ്റെടുക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ വിഭാഗത്തിൽപ്പെടുന്ന റോഡുകൾ ഇതിനോടകം തന്നെ സംസ്ഥാനത്ത് ഏറ്റെടുത്ത് കഴിഞ്ഞു. നിലവിലുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് അനുവദിച്ചാൽ മാത്രമേ സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം റോഡുകൾ ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളു.

**സി.** ഈ പദ്ധതി പ്രകാരം കേന്ദ്രം പണം അനുവദിക്കുന്നത് പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനാണെന്ന വ്യവസ്ഥ കേരളം ലംഘിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

**സി.** പി.എം.ജി.എസ്.വൈ പദ്ധതിയ്ക്ക് പണം അനുവദിക്കുന്നത് പുതിയ റോഡുകളുടെ നിർമ്മാണത്തിന് മാത്രമല്ല, നിലവിലുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനും കൂടിയാണ

കേന്ദ്രസർക്കാർ അനുവദിച്ച റോഡുകൾ മാത്രമേ ഈ പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ളു. കേന്ദ്രസർക്കാരിന്റെ വ്യവസ്ഥകളൊന്നും ലംഘിച്ചിട്ടില്ല.

**ഡി.** റോഡുകളുടെ കാര്യത്തിൽ സംസ്ഥാനം ദേശീയ ശരാശരിക്കും മുകളിലായതുകൊണ്ടാണ് സംസ്ഥാനവിഹിതം കുറഞ്ഞു പോകുന്നതെന്ന് കരുതുന്നുണ്ടോ ;

**ഡി.** ഉണ്ട്.

**ഇ.** എങ്കിൽ സംസ്ഥാനത്തിന് ന്യായമായ വിഹിതം നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ ?

**ഇ.** സംസ്ഥാനത്തിന് പ്രത്യേക പരിഗണന നൽകി കൂടുതൽ വിഹിതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**